# Desabhimani
# 18 July 2018
# Thiruvananthapuram ; Rain Will Continue, Fisherman Should Not go To The Coast

## മഴ തുടരും; കടലിൽ പോകരുത്

**തിരുവനന്തപുരം**

തെക്കുപടിഞ്ഞാറൻ കാലവർഷം സംസ്ഥാനത്ത് സജീവം. കേരളത്തിലും ലക്ഷദ്വീപിലും വെള്ളിയാഴ്ച രാവിലെ വരെ മഴ തുടരുമെന്ന് കാലാവസ്ഥ നിരീക്ഷണകേന്ദ്രം അറിയിച്ചു. ചിലയിടങ്ങളിൽ കനത്ത മഴ ലഭിക്കും.

കേരളതീരത്തും ലക്ഷദ്വീപിലും മണിക്കൂറിൽ 45 മുതൽ 60 കിലോമീറ്റർവരെ വേഗത്തിൽ കാറ്റ് വീശിയേക്കും. മീൻപിടിത്തക്കാർ കേരളതീരത്തും ലക്ഷദ്വീപ് ഭാഗത്തും അറബിക്കടലിന്റെ തെക്കുപടിഞ്ഞാറൻ, മധ്യ, വടക്കൻ ഭാഗങ്ങളിലും പോകരുതെന്ന് മുന്നറിയിപ്പുണ്ട്.